**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

<u>സംഗ്രഹം</u>

**തദ്ദേശസ്വയംഭരണ വകുപ്പ് - ബുധന്നൂർ ഗ്രാമപഞ്ചായത്ത് - 2020 -21 വാർഷിക പദ്ധതിയിലുൾപ്പെട്ട സൈക്കിളും ഐസ് ബോക്സും വാങ്ങൽ (പ്രൊജക്റ്റ് നമ്പർ.172/2020), മത്സ്യ വിപണന പാത്രം (പ്രൊജക്റ്റ് നമ്പർ.173/2020 ) എന്നീ പദ്ധതികൾക്ക് - അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**സ.ഉ.(സാധാ) നം.1822/2020/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 05/10/2020

---

**പരാമർശം:-** 1 ബുധന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 19.06.2020-ലെ അപേക്ഷ

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 24.06.2020 -ലെ ഇനം 4.43(ii), 4.43 (iii) നമ്പർ തീരുമാനങ്ങൾ .

<u>**ഉത്തരവ്**</u>

ബുധന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020 -21 വാർഷിക പദ്ധതിയിലുൾപ്പെട്ട മത്സ്യ വിപണനത്തിന് പാത്രം എന്ന പദ്ധതിക്ക് (പ്രൊജക്റ്റ് നമ്പർ.173/2020 )34 ഗുണഭോക്താക്കളെ ഗ്രാമസഭ തെരഞ്ഞെടുത്തുവെങ്കിലും ഇവർ മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങൾ അല്ല. ഇവർക്ക് വിപണന പാത്രം നൽകുന്നതിന് അനുമതി സംബന്ധിച്ചും, ഗ്രാമസഭ തെരഞ്ഞെടുത്ത മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങൾ അല്ലാത്ത ഗുണഭോക്താക്കൾക്ക് സൈക്കിളും ഐസ് ബോക്സും വാങ്ങൽ (പ്രൊജക്റ്റ് നമ്പർ.172/2020) എന്ന പദ്ധതി പ്രകാരം സൈക്കിളും ഐസ് ബോക്സും നൽകുന്നതിനുമുള്ള അനുമതിക്കായി ബുധന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം 2 തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ രജിസ്റ്റേഡ് മത്സ്യതൊഴിലാളി/അനുബന്ധ മത്സ്യ തൊഴിലാളികളായവർക്ക് മുൻഗണന നൽകണമെന്ന നിബന്ധനയോടെ ബുധന്നൂർ ഗ്രാമപഞ്ചായത്തിൽ മത്സ്യ വിപണന പാത്രം പ്രോജെക്റ്റ് നമ്പർ .173/2020), സൈക്കിളും ഐസ് ബോക്സും വാങ്ങൽ (പ്രൊജക്റ്റ് നമ്പർ.172/2020) എന്നീ പദ്ധതികൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

**പഞ്ചായത്ത്** ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി. ബുധനൂർ ഗ്രാമപഞ്ചായത്ത്. ആലപ്പുഴ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

**ഡയറക്ടർ**, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

**ചെയർമാൻ**, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം

**ഓഫീസ്** കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SURESH KUMAR K
Date: 2020. 12:28:33 IST
Reason: Approved
സെക്ഷൻ ഓഫീസർ